**പതിനാലാം കേരള നിയമസഭ**

**നാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട**
**ചോദ്യം നമ്പർ : *237**

**09.03.2017-ൽ**
**മറുപടിയ്ക്ക്**

**എക്സൈസ് വകുപ്പിനെ ശക്തിപ്പെടുത്താൻ നടപടി**

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ.റ്റി.വി.രാജേഷ്**<br>**ശ്രീമതി.യു.പ്രതിഭ ഹരി**<br>**ശ്രീ.എ.പ്രദീപ്കുമാർ**<br>**ശ്രീ.കെ.വി.വിജയദാസ്:** | **ശ്രീ.റ്റി.പി.രാമകൃഷ്ണൻ**<br>**(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)** |
| (എ) എക്സൈസ് വകുപ്പിന് കീഴിലുള്ള എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ പ്രവർത്തനം ശക്തിപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ) എക്സൈസ് വകുപ്പ് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തി വരുന്നതോടൊപ്പം പ്രസ്തുത വിഭാഗത്തിന്റെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |
| (ബി) ഇതിന്റെ ഭാഗമായി എന്തെല്ലാം പുതിയ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത് ; | (ബി) എക്സൈസ് വകുപ്പിലെ എൻഫോഴ്സ്മെന്റ് പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 25 പുതിയ വാഹനങ്ങൾ വാങ്ങിയിട്ടുണ്ട്. ജില്ലാ അധികാരികളായ 14 ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാരുടെ ഉപയോഗത്തിന് പുതിയ വാഹനങ്ങൾ |

വാങ്ങുവാൻ അനുമതി നൽകിയിട്ടുണ്ട്.
എക്സൈസ് ഫീൽഡ് ഓഫീസുകൾ ശക്തിപ്പെടുത്തുന്നതിനായി കൂടുതൽ ആയുധങ്ങൾ പുതുതായി വാങ്ങുന്ന വിഷയം പരിഗണിച്ചു വരുന്നു, 7 എക്സൈസ് ചെക്ക്പോസ്റ്റുകളിൽ കണ്ടെയ്നർ മോഡ്യൂളുകൾ സ്ഥാപിക്കുന്നതിനും 25 ചെക്ക് പോസ്റ്റുകളിൽ സോളാർ എൽ.ഇ.ഡി ഹൈമാസ്റ്റ് ലാമ്പ് സ്ഥാപിക്കുന്നതിനും മുത്തങ്ങ, ചിന്നാർ എന്നീ എക്സൈസ് ചെക്ക് പോസ്റ്റുകളിൽ സോളാർ ലൈറ്റിംഗ്സിസ്റ്റം സ്ഥാപിക്കുന്നതിനും 14 എക്സൈസ്ചെക്ക് പോസ്റ്റുകളിൽ സി.സി.ടി.വി ക്യാമറ സ്ഥാപിക്കുന്നതിനും നടപടികൾ സ്വീകരിച്ച് വരുന്നു, കേസുകളുടെയും കുറ്റവാളികളുടെയും അടക്കമുള്ള വിവരങ്ങൾ സ്വരൂപിച്ച് ആയതിന്റെ ഫലപ്രദമായ ഏകോപനം നടപ്പാക്കി എൻഫോഴ്സ്മെന്റ് പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് ഒരു വെബ് ബെയ്സ്ഡ് ആപ്ലിക്കേഷൻ സോഫ്റ്റ് വെയർ നിർമ്മിക്കുവാൻ സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്.
എക്സൈസ് വകുപ്പ് ആധുനീകരിക്കുന്നതിന്റെ ഭാഗമായി

പുതിയ കമ്പ്യൂട്ടറുകൾ, ലാപ് ടോപ്പുകൾ, സ്കാനർ, പ്രിന്റർ, യു.പി.എസ് മുതലായവ വാങ്ങുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്, അട്ടപ്പാടിയിലും വയനാട്ടിലും നിലവിലുള്ള ജനമൈത്രി എക്സൈസ് സർക്കിൾ ഓഫീസുകൾക്ക് പുറമെ നിലമ്പൂരിലും, ദേവികുളത്തും ഓരോ ജനമൈത്രി എക്സൈസ് ഓഫീസുകൾ സ്ഥാപിക്കുന്നതിനും കോട്ടയം, പാലക്കാട്, തൃശ്ശൂർ, വയനാട് ജില്ലകളിൽ എക്സൈസ് ടവറുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 6 ജില്ലകളിൽ എക്സൈസ് ടവറുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

എക്സൈസ് സേനയിൽ സ്ത്രീ പ്രാതിനിധ്യം വർദ്ധിപ്പിക്കുന്ന കാര്യവും എക്സൈസ് ഇന്റലിജൻസ് വിഭാഗം ശക്തിപ്പെടുത്തുന്ന കാര്യവും പരിശോധിച്ചുവരുന്നു. കൂടാതെ മേജർ കേസുകളുടെ ഫലപ്രദമായ അന്വേഷണത്തിന് പ്രത്യേക വിഭാഗം രൂപീകരിക്കുന്നതിനും പുതുതായി രൂപീകൃതമായ താലൂക്കുകളിൽ എക്സൈസ്

| | | | |
|---|---|---|---|
| | | | സർക്കിൾ ഓഫീസുകൾ സ്ഥാപിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം രജിസ്റ്റർ ചെയ്ത അബ്കാരി കേസുകളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; വിശദാംശം നൽകുമോ ; | (സി) | ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്ന 25.05.2016 തീയതി മുതൽ 31.01.2017 തീയതി വരെ 18591 അബ്കാരി കേസുകൾ എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. 2015-16 വർഷത്തെ സമാന കാലയളവിനെ അപേക്ഷിച്ച് അബ്കാരി കേസുകളുടെ എണ്ണത്തിൽ 60% വർദ്ധനവ് ഉണ്ടായിട്ടുണ്ട്. |
| (ഡി) | വ്യാജമദ്യത്തിന്റെയും മയക്കുമരുന്നിന്റെയും വ്യാപനം തടയുന്നതിന് എക്സൈസ് ചെക്ക് പോസ്റ്റുകളിൽ സ്കാനർ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ഡി) | ഇല്ല. |
| (ഇ) | ചെക്ക് പോസ്റ്റുകൾ ആധുനിക വൽക്കരിക്കുന്നതിന്റെ ഭാഗമായി മറ്റെന്തെല്ലാം | (ഇ) | 7 എക്സൈസ് ചെക്ക്പോസ്റ്റുകളിൽ കണ്ടെയ്നർ മോഡ്യൂൾ സ്ഥാപിക്കുന്നതിനും 25 എക്സൈസ് ചെക്ക് പോസ്റ്റുകളിൽ |

പദ്ധതികൾക്കാണ് ഭരണാനുമതി ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

അനർട്ടിന്റെ സഹായത്തോടെ സോളാർ എൽ.ഇ.ഡി ഹൈമാസ്റ്റ് ലാമ്പ് സ്ഥാപിക്കുന്നതിനും മുത്തങ്ങ, ചിന്നാർ എന്നീ എക്സൈസ് ചെക്ക്പോസ്റ്റുകളിൽ സോളാർ ലൈറ്റിംഗ് സിസ്റ്റം സ്ഥാപിക്കുന്നതിനും, 14 എക്സൈസ് ചെക്ക് പോസ്റ്റുകളിൽ സി.സി ടി.വി ക്യാമറ സ്ഥാപിക്കുന്നതിനും ഭരണാനുമതി നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ